മിസ്റ്റർ പി. നാരായണമേനോൻ: അതിനു മേയുവാൻ സ്ഥലമുണ്ടാക്കീട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അവർതന്നെയുണ്ടാക്കീട്ടുണ്ട്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: വെള്ളം കിട്ടുന്നതിനു സൌകര്യമുള്ള സ്ഥലമെന്നു പറഞ്ഞു. എങ്ങിനെ വെള്ളമുള്ള സ്ഥലമാണ്?

മിസ്റ്റർ പറമ്പി ലോനപ്പൻ: ചെറിയ അരുവികളൊ, കുളങ്ങളൊ ഉള്ള സ്ഥലം.

മിസ്റ്റർ പി. കെ. പോൾ: ചില വില്ലേജിൽ കന്നുകാലികൾ കൂടുതൽ ഉണ്ടാകും. ചില വില്ലേജിൽ കുറവായിരിക്കും. അതുകൊണ്ട് കന്നുകാലികളുടെ എണ്ണമനുസരിച്ചുള്ള സ്ഥലം ഓരോ വില്ലേജിനും കൊടുക്കേണ്ടതല്ലേ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഓരോ വില്ലേജിലുമുള്ള കന്നുകാലികൾക്ക് ഇതു മതിയാകുമെന്നുദ്ദേശിച്ചാണ് ഈ ക ാ ഏക്രു വെച്ചതു.

മിസ്റ്റർ ജോസ് കെ. വർഗ്ഗീസ്: ഓരോ വില്ലേജിലേയും കന്നുകാലികളുടെ സെൻസസ്സ് എടുക്കുന്നുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഉണ്ട്.

മിസ്റ്റർ ജോസ് കെ. വർഗ്ഗീസ്: ഈ സെൻസസ്സ് ടീച്ചേഴ്സാണൊ എടുക്കുന്നതു?

മിസ്റ്റർ പറമ്പി ലോനപ്പൻ: ടീച്ചേഴ്സും എടുക്കുന്നുണ്ട്.

മിസ്റ്റർ പി. കെ. പോൾ: കന്നുകാലികളുടെ സെൻസസ്സ് എടുക്കുന്ന ജോലിയിൽനിന്നു മാസ്റ്റർമാരെ ഒഴിവാക്കരുതോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ടീച്ചേഴ്സ് വളരെ ആവശ്യമാണ്.

DAILY WAGES OF AGRICULTURAL LABOURERS—SIRKAR FARMS AND GARDENS

66. Mr. P. Narayana Menon *(Trippunittura);* Will Government be pleased to state.—

the rate of daily wages paid to the agricultural labourers of the following category working in the Sirkar Farms and Gardens (1) child (2) Adult male (3) Adult female.

Mr. Parambi Lonappen *(Minister for Rural Development):* A statement is given below.

	Child	*Adult male*	*Adult female*
Central Farm	6 as. to 8 as. each	12 as. to Re. 1 each	7 as. and 8 as. each
Cocoanut station	Nil	Rs. 1—8—0 to Rs. 2	Nil
Gardens	Nil	Re. 0—10—0 to Re. 1	6 as. to 8 as.

Mr. V. R. Krishnan Ezhuthassan *(Urakam):* Is it casual labour or permanent labour?

Mr. Parambi Lonappen *(Minister for Rural Development):* Casual labour.

മിസ്റ്റർ പി. നാരായണമേനോൻ: ഈ പറഞ്ഞ കൂലികളൊക്കെ കൊടുക്കുന്നതു് ഇൻക്രിമെന്റനുസരിച്ചാണോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഓരോരുത്തരുടെ യോഗ്യതയും പണിയുടെതോതും അനുസരിച്ചാണ് കൂലി നിശ്ചയിച്ചിട്ടുള്ളതു്.

മിസ്റ്റർ പി. കെ. ഡീവർ: അവക്ക് ഇതു് കൂടാതെ ഡിയർനസ് അലവൻസ് വല്ലതുമുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇല്ല.

മിസ്റ്റർ പി. നാരായണമേനോൻ: ഓരോ സ്ഥലത്തും ഓരോവിധത്തിലുള്ള കൂലിയാണൊ കൊടുക്കുന്നതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതെ.

മിസ്റ്റർ കെ ടി അച്യുതൻ: കൂലിക്കാർ ഇത്ര മണിക്കൂർ ജോലി ചെയ്യണമെന്നുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഉണ്ട്. കാലത്തു ൭ മണിമുതൽ വൈകുന്നേരം ൫ മണിവരെ ജോലി ചെയ്യണം.

മിസ്റ്റർ പി. കെ. ഡീവർ: അവർ ദിവസവും ൮ മണിക്കൂറിലധികം ജോലി ചെയ്യുന്നുണ്ടെന്നു ഗവൺമെണ്ടിനറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പറമ്പി ലോനപ്പൻ: അതു് അധികം ദൂരമുള്ള ജോലിയല്ല. ഇടക്കു് ഒരു മണിക്കൂർ ഇൻറർ വെല്ലുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: തൊഴിലാളികളെകൊണ്ടു് ആഴ്ചയിൽ 60 മണിക്കൂറിൽ കൂടതൽ ജോലി ചെയ്യിക്കുവാൻ പാടില്ലെന്നു ഫാക്ടറി നിയമത്തിലുള്ളതായി അറിയാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇവരും ഫാക്ടറി തൊഴിലാളികളും തമ്മിൽ വ്യത്യാസമുണ്ടു്. ആ നിയമം ഇവക്കു് ബാധകമല്ല.

മിസ്റ്റർ പി. കെ. ഡീവർ: ഇത്രയും മണിക്കൂർ ഇവരെകൊണ്ടു് ജോലി ചെയ്യിക്കുന്നതു അന്യായമല്ലേ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അല്ല.

മിസ്റ്റർ പി. മാണി: കൂട്ടികൾക്കു് 7 to 9 വ്യണ. സ്ത്രീകൾക്കു് 9 ണ. to 9 വ്യണ. നിശ്ചയിച്ചിട്ടുള്ളതു ന്യായമായ ഒരു കൂലിയല്ലെന്നു ഗവൺമെൻറിനു തോന്നുന്നുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: നാട്ടുനടപ്പു് അനുസരിച്ചാണു് ഇതൊക്കെ കൊടുക്കുന്നതു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഫാക്ടറിയിലെ ജോലിപോലെയുള്ളതു ബുദ്ധിമുട്ടു് കുറഞ്ഞജോലിക്കില്ലെന്നാണോ ഗവൺമെണ്ടിൻെറ ബോദ്ധ്യം?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതെ.

മിസ്റ്റർ പി. നാരായണമേനോൻ: ചിലസ്ഥലത്തു് ഫാക. കൂലികൊടുക്കുന്നതു് അതു് റിക്രൂട്ടുമെൻറ സ്ഥലത്ത ൻെറ സമീപമായതുകൊണ്ടാണൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ആഭാഗത്തുകൂലി കൂടുതൽ നിലവിൽ ഇരിക്കുന്നതുകൊണ്ടാണു്.

മിസ്റ്റർ പി നാരായണമേനോൻ: അതാതുസ്ഥലത്തുള്ള കൂലിനിരക്കനുസരിച്ചാണൊ ജോലിക്കാക്കു കൂലികൊടുക്കുന്നതു്.

മിസ്റ്റർ പറമ്പി ലോനപ്പൻ: അതെ.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഒരു സ്ഥലത്തുള്ള കൂലിയുടെഇരട്ടികൂലി ചിലസ്ഥലത്തുകൊടുക്കുന്നുണ്ടു്. അതിനുള്ള കാരണമെന്താണു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: ചിലസ്ഥലത്തു കുറഞ്ഞകൂലിക്കു ആളെ കിട്ടുകയില്ല. അതുകൊണ്ടാണു് അവിടെ കൂടുതൽ കൊടുക്കുന്നതു്.

മിസ്റ്റർ പി. മാണി: റിക്രൂട്ടുമേൻറിൻെറ അടുത്തുള്ള കൃഷിക്കാക്കു് കൃഷിപ്പണിക്കു ആളെകിട്ടണമെങ്കിൽ കൂലിവളരെ കൊടുക്കണമെന്നു് ഗവർമ്മെൻറിനറിയാമൊ?

മിസ്റ്റർ പറമ്പി ലോനൻ: അറിയാം.

മിസ്റ്റർ പി. മാണി: അതുകൊണ്ടു് അവിടെയുള്ള കൃഷിയുല്പന്നങ്ങൾക്കു് വിലകൂടുതൽ കൊടുക്കേണ്ടതാണെന്നു ഗവർമ്മെണ്ടിനുതോന്നുന്നുണ്ടൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതും ഇതും തമ്മിൽ വ്യത്യാസമുണ്ടു്.

മിസ്റ്റർ പി. മാണി: കൊച്ചീരാജ്യത്തു് പൊതുവെ നെല്ലിനു ഒരുവിലയല്ലെ ഗവർമ്മെൻറനിശ്ചയിച്ചിരിക്കുന്നതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതെ.

മിസ്റ്റർ പി. മാണി: കൃഷിപ്പണിക്കു് കൂടുതൽകൂലികൊടുത്തു് കൃഷിചെയ്യുണ്ടാക്കുന്ന സ്ഥലങ്ങളിലെ നെല്ലിനു കൂടുതൽവിലകൊടുക്കണമെന്നു ഗവർമ്മെൻറിനു തോന്നുന്നുണ്ടൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ആ പോയിൻറും ഈ പോയിൻറും തമ്മിൽ വ്യത്യാസമുണ്ടു്. അതു ഫുഡ്ഡിപ്പാർട്ടുമെൻറിലെ കാര്യമാണു്.

മിസ്റ്റർ പി. കെ. ഡീവർ: ഗവൺമെൻറു് കൂലി നിശ്ചയിച്ചിട്ടുള്ളതു് തൊഴിലാളികൾക്കു് ജീവിക്കുവാനാവശ്യമായ തുക കിട്ടണമെന്നുദ്ദേശിച്ചാണൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: സാധാരണ നാട്ടുനടപ്പുള്ള കൂലിയാണു് ഗവൺമെൻറു് കൊടുക്കുന്നതു്.

മിസ്റ്റർ പി. കെ. ഡീവർ: ഗവൺമെൻറു് ഇപ്പോൾ കൊടുക്കുന്ന കൂലികൊണ്ടു് തൊഴിലാളികൾക്കു് അവരുടെ നിത്യജീവിതം കഴിച്ചുകൂട്ടുവാൻ സാധിക്കുമെന്നു ഗവൺമെൻറിനു ബോദ്ധ്യമുണ്ടൊ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പറമ്പി ലോനപ്പൻ: നാട്ടിൽ നടപ്പുള്ള കൂലിയാണ് ഗവമ്മെൻറ് കൊടുക്കുന്നത്.

മിസ്റ്റർ പി. കെ. ഡീവർ: നാട്ടിൽ ഇതിലും കൂടുതൽ കൂലി നിരക്കുണ്ടെന്നുള്ളതു് ഗവമ്മെൻറിനറിയാമൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഉണ്ടെന്നു തോന്നുന്നില്ല.

മിസ്റ്റർ പി. മാണി: നാട്ടുകാർ ഇപ്പോൾ കൊടുക്കുന്നതു് അനിതിയായ ഒരു കൂലിയാണെന്നു ഗവമ്മെൻറിനറിയാമൊ?

മിസ്റ്റർ പറമ്പിലോനപ്പൻ: അല്ല.

മിസ്റ്റർ പി. മാണി: ഇപ്പോൾ നാട്ടുകാർ കൊടുക്കുന്ന കൂലി വേലക്കാരൻറെ ചിലവിനു മതിയാകുകയില്ലെന്നു ഗവമ്മെൻറിനറിയാമൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതുതീരെ പോരാത്തതാണെന്നു ഗവമ്മെൻറിനു ബോധ്യം വന്നിട്ടില്ല.

മിസ്റ്റർ സി. എസ്സ്. പണിക്കർ: സ്ത്രീകൾക്കു് നൂണ.മുതൽ വൂണ.വരെ കൊടുക്കുന്നുണ്ടെന്നു പറഞ്ഞു; അവക്കു ജീവിതത്തിനു കുറച്ചു പണം മതിയൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അവക്കു മുമ്പുണ്ടായിരുന്നതിലും കൂടുതൽ ഇപ്പോൾ കൊടുക്കുന്നുണ്ടു്.

മിസ്റ്റർ പി. നാരായണമേനോൻ: പുരുഷനു് ഫക. കൂലി കൊടുത്തുതുടങ്ങിയതു് എന്നു മുതൽക്കാണു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: മൂന്നു നാലുമാസമായി.

മിസ്റ്റർ പി. നാരായണമേനോൻ: എത്രപേക്ക ഫക. കൂലി കൊടുക്കുന്നുണ്ടു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടീസു വേണം.

മിസ്റ്റർ പി. നാരായണമേനോൻ: ൪ മാസം മുമ്പു് അവക്കെത്ര കൂലിയാണു് കൊടുത്തിരുന്നതു ?

മിസ്റ്റർ പറമ്പി ലോനപ്പൻ: സ്ത്രീകൾക്കും കുട്ടികൾക്കും ൩-ം ൪-ം അണയും പുരുഷന്മാക്കു ൪-ം ൫-ം അണയും ആയിരുന്നു.

മിസ്റ്റർ പി. നാരായണമേനോൻ: ഈ കൂലി ഉറപ്പിച്ചതു് ഒന്നിച്ചൊ അല്ലെങ്കിൽ ക്രമേണ കൂട്ടിയതൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ക്രമേണ കൂട്ടിയതാണു്.

മിസ്റ്റർ പി. നാരായണമേനോൻ: ഇന്നയിന്ന ജോലിക്കു് ഇന്നതു് കൊടുക്കണമെന്നു് നിശ്ചയിക്കുകയൊ അല്ലെങ്കിൽ ഇന്ന ജോലിയിൽ ഇത്ര ആളുകൾക്കു് ഇന്ന കൂലി കൊടുക്കണമെന്നു് നിശ്ചയിക്കുകയൊ ചെയ്തിട്ടുള്ളതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതാതു ജോലിയുടെ തോതനുസരിച്ചാണു് കൂലി നിശ്ചയിക്കുന്നതു്.

മിസ്റ്റർ പി. നാരായണമേനോൻ: സ്ഥിരമായിട്ടു ഒരുറപ്പിക വീതം എത്ര ആളുകൾക്കു് കൊടുക്കുവാൻ നിശ്ചയിട്ടുണ്ടു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: സ്ഥിരമായിട്ടു് ഇത്ര ആളുകൾക്കു് ഒരുറപ്പിക കൂലികൊടുക്കണമെന്നു നിശ്ചയിച്ചിട്ടില്ല. അതു ജോലിയുടെ തോതനുസരിച്ചു് നിശ്ചയിക്കുകയാണു് ചെയ്യുന്നതു്.

മിസ്റ്റർ പി. നാരായണമേനോൻ: ജോലിയുടെ തോതനുസരിച്ചു ഉദ്യോഗസ്ഥന്മാർ കൂലി നിശ്ചയിക്കുകയാണൊ ചെയ്യുന്നതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതെ.

മിസ്റ്റർ പി. നാരായണമേനോൻ: ഈ കൂലിക്കു് ആളെ കിട്ടുമോ എന്നു ഗവമ്മെൻറിനറിയാമൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ആളുകളെ കിട്ടുന്നില്ലെന്നു പരാതിയുണ്ടായിട്ടില്ല.

മിസ്റ്റർ പി. നാരായണമേനോൻ: ഈ കൂലികൊണ്ടു്, തൊഴിലാളികൾക്കു് വേലയെടുക്കുവാൻ കഴിവുണ്ടാകുമെന്നു് ഗവർമ്മെൻറിനറിയാമൊ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പറമ്പി ലോനപ്പൻ: അവർ വേലയെടുക്കുവാൻ ശക്തിയില്ലാത്തവരാണെന്ന ഗവർമ്മെൻറിന്ന ബോദ്ധ്യമുണ്ട്.

മിസ്റ്റർ പി. നാരായണമേനോൻ: കൂലി പോരായെന്നുള്ള അവരുടെ ആക്ഷേപം കൊണ്ടല്ല അതു ഉയർത്തിയതു്.

മിസ്റ്റർ പറമ്പി ലോനപ്പൻ: അല്ല.

മിസ്റ്റർ പി. നാരായണമേനോൻ: പുറമെയെന്തു കൂലി നിരക്കുണ്ടെന്ന ഗവർമ്മെൻറിനറിയാമൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: നാട്ടിൽ നടപ്പുള്ള കൂലിയാണ് ഗവർമ്മെൻറ കൊടുക്കുന്നതു്.

മിസ്റ്റർ പി. നാരായണമേനോൻ: നാട്ടിൽ ഇതിനേക്കാൾ കൂടുതൽ കൂലിയുണ്ടെന്ന ഗവർമ്മെൻറ മനസ്സിലാക്കീട്ടുണ്ടൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: കൂടുതലില്ല.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: കൊച്ചിൻഹാർബറിൽ തൊഴിലാളികൾക്ക് എന്തു കൂലിയുണ്ടു്.

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടീസുവേണം.

മിസ്റ്റർ പി. ടി. ജേക്കബ്: കൊച്ചിൻ ഹാർബറിൽ സാധാരണ ഒരു കൂലിക്കാരന്ന് എന്തു കൂലിയുണ്ടെന്ന ഗവർമ്മെൻറിൽനിന്ന അന്വേഷിക്കാമൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അന്വേഷിക്കാം.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഈ കൂലിക്കാരുടെ ജോലി പണിയെടുക്കുകയൊ എടുപ്പിക്കയൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: രണ്ടുവിധിലുമുണ്ടാകും.

മിസ്റ്റർ പി. നാരായണമേനോൻ: അവിടെ കിട്ടുന്ന കൂലി എന്നും സ്ഥിരമായിട്ട കിട്ടുന്നതാണെന്ന പറഞ്ഞു് ഉദ്യോഗസ്ഥന്മാർ ജോലിക്കാരെ പ്രലോഭിപ്പിക്കാറുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതു സ്ഥിരമായിട്ടുള്ള ജോലിയല്ലല്ലൊ; യുദ്ധം കഴിയുമ്പോൾ ഇത്രയും കൂലി കൊടുക്കേണ്ടതില്ല.

മിസ്റ്റർ പി. നാരായണമേനോൻ: ഇപ്പോഴത്തെ കൂലി എന്നും ഉള്ളതാണെന്ന പറഞ്ഞു ജോലിക്കാരെ പ്രലോഭിപ്പിക്കാറുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇല്ല.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: കൊച്ചിൻ ഹാർബറിൽ കൂലി കൂടുതൽ കിട്ടുന്നുണ്ടെങ്കിൽ ഇവിടെയും കൂലി വർദ്ധിപ്പിക്കുമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: സാദ്ധ്യമല്ല. അവിടെ എമർജൻസി പണികൾക്കു് ആളെ കിട്ടുന്നതിനുവേണ്ടി കൂലി കൂടുതൽ കൊടുക്കുന്നുണ്ടു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: സ്ത്രീകളുടെ കൂലി കുറച്ചിരിക്കുന്നതു പൊതുവെ സ്ത്രീകളോടു ചെയ്യുന്ന ഒരനീതിയാണെന്ന ഗവമ്മേൻറിന്ന ബോദ്ധ്യമുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: സ്ത്രീകൾക്കു പൊതുവെ നാട്ടിൽ കൂലി കുറവാണു്. അതനുസരിച്ചാണ് ഗവമ്മേൻറും കൊടുക്കുന്നതു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: സ്ത്രീകൾക്കു ആണുങ്ങളുടെ പകുതി ക്ഷീണം മതിയെന്ന വിചാരിച്ചാണൊ കൂലി പകുതിയാക്കിയിരിക്കുന്നതു?

മിസ്റ്റർ പറമ്പി ലോനപ്പൻ: നാട്ടു നടപ്പു അങ്ങനെയുള്ള.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ആണുങ്ങൾക്കു കൊടുന്ന കൂലിനിരക്കു പെണ്ണുങ്ങൾക്കു ഒരു സ്ഥലത്തും കൊടുക്കുന്നില്ലേ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇല്ല. ൧൯൪൦ വർഷംവരെ നാട്ടിൽ പെണ്ണുങ്ങൾക്കു കൂലി കുറവാണു്.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Regarding the proportion of increase, in the case of males it works out at 1 and 1/3, but when we come to the weaker sex it is only 1 and 1/7. Why is this?

Mr. Parambi Lonappen *(Minister for Rural Development)*: The increase in wages is not proportionate. But it is based on the rate of wages given to males and females.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. നാരായണമേനോൻ : ഈ വ്യത്യാസം മറ്റുള്ള ഡിപ്പാർട്ട്മെൻറുകളിൽ ജോലി ചെയ്യുന്ന സ്ത്രീയുദ്യോഗസ്ഥമാരോട് കാണിക്കുന്നുണ്ടോ?

Mr. Parambi Lonappen *(Minister for Rural Development)*: That is intellectual labour; this is manual labour. There is a standard rate for the pay given to Government servants.

മിസ്റ്റർ പി. ടി. ജെയിക്കബ്ബ് : നാട്ടിലെ കൂലി നിരക്കനുസരിച്ചാണ് സ്ത്രീകൾക്ക് കൂലിനിശ്ചയിച്ചിട്ടുള്ളതെന്നു പറഞ്ഞു; എന്നാൽ സ്ത്രീകൾക്ക് ഇവിടത്തേക്കാൾ കൂടുതൽ കൂലി ഹാർബറിലും മറ്റും കിട്ടുന്നതായി ഗവൺമെണ്ടു അന്വേഷിച്ചിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ : ഹാർബറിൽ വളരെ എമർജൻസി വർക്കാണ് നടക്കുന്നതു്. അതുകൊണ്ടു് അവർക്കു് ആളുകളെ കിട്ടുന്നതിനുവേണ്ടി കൂലി കൂടുതൽ കൊടുക്കുന്നുണ്ടു്. അങ്ങിനെയുള്ളതല്ല നമ്മുടെ വർക്കു്.

മിസ്റ്റർ കെ. ഐ. വേലായുധൻ : എമർജൻസി വർക്കു് ചെയ്യുന്നവർക്ക മാത്രം ജീവിതം കഴിച്ചാൽ മതിയെന്നാണൊ പറയുന്നതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ : അതല്ല പറയുന്നതു്. അവർക്കു കൂടുതൽ ആളുകളെ പണിക്കു കിട്ടുന്നതിനുവേണ്ടിയാണു് കൂടുതൽ കൂലി കൊടുക്കുന്നതു .

മിസ്റ്റർ പി. കെ. ഡീവർ : ഹാർബറിലെ കൂലി കൂടുതൽ ആണെന്നാണൊ പറയുന്നതു?

മിസ്റ്റർ പറമ്പി ലോനപ്പൻ : അതു് ഞാൻ പറയുന്നില്ല.

Mr. President: Order, order. We have spent 1/3 of the hour allotted to questions, on 2 questions. I would suggest to Hon'ble Members who are fortunate enough to find their questions early on the question paper that it is a little unfair on the less fortunate Members whose questions appear later to take up so much time on the earlier questions. We now pass on to the next question.

AGRICULTURAL IMPLEMENTS

67. Mr. P. Mani *(Kanayannur)*:

താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവൺമെണ്ടു് സദയം മറുപടി പറയുമോ —

(എ) ഏതെല്ലാം താലൂക്കുകളിൽ ഗവൺമെണ്ടിൽനിന്നും കൃഷിക്കാർക്കു ആവശ്യമായ കൃഷി ആയുധങ്ങളും ഇരിമ്പും വിതരണം നടത്തുന്നുണ്ടു്;

(ബി) ഈ വിതരണം ആരു മുഖേന നടത്തുന്നു;

(സി) ഇതിലേക്കു ഒരു സ്പെഷ്യൽ ആഫീസ്സറെ നിയമിച്ചതിനുശേഷം ഫറവൂർ മിഡ്നം നമ്പർ-വരെ ആകെ എത്ര രൂപയുള്ള സാധനങ്ങൾ കൃഷിക്കാർക്കു വിറ്റു?

Mr. Parambi Lonappen *(Minister for Rural Development)*:

(എ) കൊച്ചി കണയന്നൂർ, മുകുന്ദപുരം, തൃശ്ശിവപേരൂർ, തലപ്പിള്ളി, ചിറ്റൂർ എന്നീ താലൂക്കുകളിൽ കൃഷിയായുധങ്ങളും ഇരിമ്പും വിറ്റുവരുന്നുണ്ടു്. കൊടുങ്ങല്ലൂർ താലൂക്കിലേയ്ക്കു പറ്റിയ കൃഷി ആയുധങ്ങൾ പണിയുന്നതിനു ഏർപ്പാടു് ചെയ്തിട്ടുണ്ടു്.

(ബി) വിതരണം താലൂക്കു കൃഷിഇൻസ്പെക്ടർമാർ മുഖേന നടത്തിവരുന്നു.

(സി) ഉദ്ദേശം ൨൫,൦൦൦ ക. ക്കുള്ള ആയുധങ്ങളും ഇരിമ്പും കൃഷിക്കാർക്കു് വിറ്റിട്ടുണ്ടു്.

മിസ്റ്റർ പി. മാണി : കൊച്ചി കണയന്നൂർ താലൂക്കിൽ ഈ സാധനങ്ങൾ എവിടെയാണു് വിറ്റുവരുന്നതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ : വയറിലെ കൃഷി ഫാമത്തിലാണു്.

മിസ്റ്റർ പി. മാണി : വയറിലെ ഫാമത്തിൽ നിന്നു് കൊച്ചി കണയന്നൂർ താലൂക്കിന്റെ കഴക്കെ അറ്റത്തേക്കു എത്ര മൈൽ ദൂരമുണ്ടെന്നു ഗവൺമെണ്ടിനറിയാമൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ : എന്റെ അറിവിൽ ഏകദേശം പത്തു മൈൽ ദൂരമുണ്ടു്.

മിസ്റ്റർ പി. മാണി : പത്തു മൈയിൽ ദൂരെ നിന്നും വയറിലെ കൃഷി ഫാമത്തിൽ വന്നു് ഈ സാധനങ്ങൾ വാങ്ങുവാൻ അവർക്കു സാദ്ധ്യമാണൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ : അവിടെ കൃഷിയാവശ്യത്തിനുള്ള സാധനങ്ങൾ എറണാകുളത്തുവന്നു് അവർ വാങ്ങിച്ചുകൊണ്ടു് പോകുന്നുണ്ടു്. അതുകൊണ്ടു വയറിലയിൽ വന്നു വാങ്ങുന്നതു് അവർക്കൊരു ബുദ്ധിമുട്ടാണെന്നു തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly